# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4012 — 25.06.2014 ൽ മറുപടിക്ക്

## പി.എച്ച്.സി.-യിൽ കിടത്തി ചികിത്സ ആരംഭിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സ്വകാര്യ മേഖലയിലോ സർക്കാർ മേഖലയിലോ കിടത്തി ചികിത്സ ഇല്ലാത്തതും അന്യ സംസ്ഥാന തൊഴിലാളികൾ അടക്കം നിരവധിയാളുകൾക്ക് ആശ്രയ കേന്ദ്രമായ മുളവുകാട് പി.എച്ച്.സി യിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (എ) പ്രസ്തുത ആശുപത്രിയിലെ കിടത്തി ചികിത്സയുടെ ആവശ്യകത സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ ആരോഗ്യവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) പ്രസ്തുത പി.എച്ച്.സി യിൽ ഐ.പി ആരംഭിക്കുന്നതിന് അനുയോജ്യമായ കെട്ടിടം നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ ; എങ്കിൽ എത്ര രോഗികൾക്ക് കിടക്കുന്നതിനുള്ള സൗകര്യമാണ് കെട്ടിടത്തിലുള്ളതെന്നും നിർമ്മാണ ചെലവ് എത്രയെന്നും വ്യക്തമാക്കാമോ ; | (ബി) പ്രസ്തുത പി.എച്ച്.സി യിൽ നിലവിൽ ഐ.പി ആരംഭിക്കുന്നതിന് അനുയോജ്യമായ ഒരു കെട്ടിടം നിലവിലുണ്ട്. അത് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലാണ്. പത്ത് (10) പുരുഷന്മാരേയും പത്ത് (10) സ്ത്രീകളേയും കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യം ഈ കെട്ടിടത്തിലുണ്ട്. കെട്ടിടം ഗോശ്രീ ഐലന്റ് ഡവലപ്മെന്റ് അതോറിറ്റി (ജി.ഐ.ഡി.എ) യുടെ മേൽനോട്ടത്തിലാണ് നിർമ്മിച്ചിട്ടുള്ളത്. ആയതിനാൽ നിർമ്മാണ ചെലവ് ഈ വകുപ്പിൽ ലഭ്യമല്ല. |
| (സി) കിടത്തി ചികിത്സയ്ക്ക് ആവശ്യമായ എന്തെല്ലാം സാധന സാമഗ്രികൾ ഇവിടെ വാങ്ങിയിട്ടുണ്ടെന്നും ഇതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ? | (സി) ആരോഗ്യവകുപ്പിൽ നിന്നും കിടത്തി ചികിത്സയ്ക്കായി സാധനസാമഗ്രികൾ ഒന്നും വാങ്ങിയിട്ടില്ല. നിലവിലുള്ള ഫർണിച്ചറുകൾ 'ജി.ഐ.ഡി.എ'യുടെ അധികാരത്തിൽപ്പെട്ടതാണ്. ആരോഗ്യവകുപ്പിന് കൈമാറിയിട്ടില്ല. |

സെക്ഷൻ ഓഫീസർ